# രാഷ്ട്രപതിയുടെ ഫിന്‍ലാന്‍ഡ് സന്ദര്‍ശനം

ഒക്ടോബര്‍ 8, 2014

ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്‍ജി , ഔദ്യോഗികമായി ഫിന്‍ലാന്‍ഡ് സന്ദര്‍ശിക്കും. ഒക്ടോബര്‍ 14 മുതല്‍ 16 , 2014 വരെയാണ് സന്ദര്‍ശനം . സന്ദര്‍ശനത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ഫിന്‍ലാന് ഡിലെ പ്രസിഡണ്ട് , പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി, സ്പീക്കര്‍ എന്നിവരുമായി കൂടിക്കാഴ് ച നടത്തും . ആദരണീയനായ രാഷ്ട്രപതി ഹെല്‍സിങ്കിയിലെ വ്യാപാര സെമിനാറില് സംഭാഷണം നടത്തും. ആര്‍ട്ടികം മ്യൂസിയം , ആര്‍ട്ടിക് സയന്‍സ് സെന്റര് എന്നിവ സന്ദര്‍ശിക്കുന്നതിന് പുറമെ റൊവാനിയെമി അദ്ദേഹം സന്ദര്‍ശിക്കുകയും ആര്‍ട്ടിക് സര്‍ക്കിള് കുറുകെ കടക്കുകയും ചെയ്യും.

ഒരു മന്ത്രി, പാര്‍ലമെന്റ് അംഗങ്ങള്, ഉന്നത ഉദ്യോഗസ്ഥര്, നമ്മുടെ വിദ്യാഭ്യാസ & ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉയര്‍ന്ന പ്രതിനിധികള്, വ്യാപാരരംഗത്തുള്ളവര്‍ എന്നിവര് രാഷ്ട്രപതിയെ അനുഗമിക്കും

ന്യൂഡെല്‍ഹി
ഒക്ടോബര്‍ 8, 2014